കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി (2012-17) - ആസൂത്രണ മാർഗ്ഗരേഖയും, സബ്സിഡി മാർഗ്ഗരേഖയും കൂട്ടതൽ ഉൾപ്പെടുത്തലുകൾ അംഗീകരിച്ച് പരിഷ്കരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം.50/2017/തസ്വഭവ തീയതി, തിരുവനന്തപുരം 07.01.2017.

പരാമർശം :-1) സ.ഉ(എം.എസ്)നം.04/2016/തസ്വഭവ തീയതി 11.01.2016.
2) സ.ഉ(സാധാ)നം.2037/2016/തസ്വഭവ തീയതി 30.06.2016.
3) സ.ഉ(സാധാ)നം.3516/2016/തസ്വഭവ തീയതി 24.12.2016.
4) 28.12.2016 ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ നടപടിക്കുറിപ്പ്

**ഉത്തരവ്**

പരാമർശം (4) ലെ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ പരാമർശം (1) സർക്കാർ ഉത്തരവിൽ ചുവടെ ചേർത്തിട്ടുള്ള ഉൾപ്പെടുത്തലുകൾ അംഗീകരിച്ച് പരിഷ്കരിച്ച് ഉത്തരവാകുന്നു.

2) 2016-17 വാർഷിക പദ്ധതി ചുവടെ പറയുന്നവയ്ക്കുമാത്രം ഭേദഗതി ചെയ്യുന്നതിന് അനുമതി നൽകുന്നു.

- ലോക ബാങ്ക് ഫണ്ടുപയോഗിച്ച് പ്രോജക്ടുകൾ തയ്യാറാക്കുന്നതിനുള്ള ഭേദഗതി
- പദ്ധതികൾക്ക് അംഗീകാരം ലഭിച്ചതിനുശേഷം അധികമായി വന്ന സേവിംഗ്സ് തുക ഉപയോഗിച്ചു കൊണ്ടുള്ള പദ്ധതികൾ
- പ്രകൃതിക്ഷോഭം, മഴവെള്ളസംഭരണം, വരൾച്ചയെ നേരിടുന്നതിനുള്ള പ്രോജക്ടുകൾ എന്നിവ ഏറ്റെടുക്കുന്നതിനുള്ള പദ്ധതികൾ
- വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നതും എന്നാൽ മറ്റു ഫണ്ടുകൾ ഉപയോഗിച്ച് (ഉദാ: MPLAD, MLASDF തുടങ്ങിയവ) നടപ്പാക്കിയ പ്രോജക്ടുകൾ ഒഴിവാക്കി പകരം പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനുമുള്ള ഭേദഗതി.
- എസ്.സി.എസ്.പി, റ്റി.എസ്.പി, ഗ്രൗണ്ട് വാട്ടർ വകുപ്പിന്റെ പ്രോജക്ടുകൾ തുടങ്ങിയവയ്ക്ക് ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കാതിരുന്നാൽ
- PMAY/IAY പദ്ധതികൾക്കുവേണ്ടി എൽ.എസ്.ജി.ഐ വിഹിതം കണ്ടെത്തുന്നതിനുവേണ്ടി
- നിർമ്മാണ പ്രവർത്തനങ്ങൾക്ക് സാങ്കേതിക അനുമതി ലഭിക്കാതെ വന്നതിനാൽ ഉപേക്ഷിക്കേണ്ടി വന്ന പ്രോജക്ടുകൾക്ക് പകരം പ്രോജക്ട് ഏറ്റെടുക്കുന്നതിനു വേണ്ടി
- ഡി.പി.സി അംഗീകരിച്ചതും എന്നാൽ സർക്കാർ മാനദണ്ഡങ്ങൾക്ക് വിരുദ്ധവുമായ പ്രോജക്ടുകൾ ഒഴിവാക്കുന്നതിനുവേണ്ടി
- സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി പുതിയ പ്രോജക്ടുകൾ എടുക്കാനും പുതുക്കിയ നിരക്കിൽ വയറിംഗ് നടത്തുന്നതിനും വേണ്ടി

- സർക്കാർ നിർദ്ദേശിക്കുന്ന പുതിയ പ്രോജക്റ്റുകൾ എടുക്കുന്നതിനായി
- ഒ.ഡി.എഫ് റീ ഇംപേഴ്സ് ചെയ്തു കിട്ടിയ തുകയ്ക്ക് പുതിയ പ്രോജക്റ്റുകൾ എടുക്കുന്നതിനുവേണ്ടി

മുകളിൽ പരാമർശിച്ചിട്ടുള്ള നിബന്ധനകൾ പ്രകാരം പ്രോജക്റ്റുകൾ ഭേദഗതി വരുത്തുമ്പോൾ ഭേദഗതി വരുത്താനുള്ള കാരണം നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

3) തനതു ഫണ്ടിൽ അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾക്ക് പകരം മറ്റു സ്രോതസ്സിലുള്ള ഫണ്ട് ഉപയോഗിക്കുന്നതിന് ഭേദഗതി പാടില്ല. എന്നാൽ തനതു ഫണ്ടിനു പകരം ലോക ബാങ്ക് വിഹിതം ഉപയോഗിക്കുന്നതിന് ഇതു ബാധകമല്ല.

4) മുൻവർഷം അംഗീകരിച്ച പ്രോജക്റ്റിൽ ഭേദഗതി ഇല്ലാത്ത സ്പിൽ ഓവർ ആയി ഉൾപ്പെടുത്തിയ പ്രോജക്റ്റുകളിൽ ഇനി ഭേദഗതി അനുവദിക്കുകയില്ല.

5) ഏതെങ്കിലും ഭേദഗതിവരുത്താത്ത സ്പിൽഓവർ പ്രോജക്റ്റുകൾ ഉപേക്ഷിക്കുകയാണെങ്കിൽ പകരം എടുക്കുന്ന പ്രോജക്റ്റിന്റെ തുക 2016-17 ലെ അനുബന്ധം IV ലെ തുകയിൽ വകയിരുത്തേണ്ടി വരുമെന്നതിനാൽ അത്തരം പ്രോജക്റ്റുകൾക്കു വാലിഡേഷൻ ബാധകമായിരിക്കുന്നതാണ്.

6) 2016-17 വാർഷിക പദ്ധതി ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന തദ്ദേശ ഭരണസ്ഥാപനങ്ങൾ 2017 ജനുവരി 31 ന് മുമ്പുതന്നെ ഭേദഗതി ഡി.പി.സി. അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്.

7) ക്ഷീര കർഷകർക്ക് ഒരു ലിറ്റർ പാലിന് പരമാവധി 4 രൂപവരെ സബ്സിഡി നൽകാവുന്നതാണ്. ക്ഷീര വികസന വകുപ്പ് 1 രൂപയാണ് സബ്സിഡി നൽകുന്നതെങ്കിൽ തദ്ദേശഭരണ സ്ഥാനങ്ങൾക്ക് അധികമായി സബ്സിഡി നൽകാം. എന്നാൽ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ക്ഷീര വികസന വകുപ്പും ചേർന്ന് കർഷർക്ക് നൽകുന്ന സബ്സിഡി തുക ഒരു ലിറ്റർ പാലിന് 4 രൂപയിൽ അധികരിക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്. മറ്റു മാനദണ്ഡങ്ങൾ പരാമർശം (2) സർക്കാർ ഉത്തരവു പ്രകാരം തുടരുന്നതാണ്.

8) പച്ചക്കറികൃഷിക്ക് ഗ്രോബാഗ്, വിത്ത്, മിക്സ്ചർ എന്നിവയടക്കം നൽകുന്നതിന് 75 ശതമാനം സബ്സിഡിയോ, പരമാവധി 60/- രൂപയോ നൽകാവുന്നതാണ്.

9) ജില്ലാ ആസൂത്രണസമിതി അംഗീകരിച്ച പ്രോജക്റ്റുകൾ കോ ഓർഡിനേഷൻ കമ്മിറ്റിക്ക് നൽകേണ്ടതില്ല. അവ ഇനി മുതൽ വീണ്ടും കോ ഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചാൽ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ വീഴ്ചയായി കണക്കാക്കുന്നതാണ്.

10) പട്ടികജാതി/പട്ടികവർഗ വിഭാഗത്തിൽപ്പെട്ട 60 വയസ്സു കഴിഞ്ഞ വൃദ്ധർക്ക് കട്ടിൽ വാങ്ങി നൽകുന്നതിന് നഗരസഭകൾക്കും ഗ്രാമപഞ്ചായത്തുകൾക്കും എസ്.സി.എസ്.പി/റ്റി.എസ്.പി ഫണ്ടുപ യോഗിക്കാവുന്നതാണ്.

11) സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി വയറിംഗ് ഗ്രാന്റ് 5000/- രൂപയായി വർദ്ധിപ്പിക്കാവുന്നതാണ്. ഇതിനായി വാർഷിക പദ്ധതിയിൽ ഭേദഗതി വരുത്താവുന്നതാണ്.

12) കോ ഓർഡിനേഷൻ കമ്മിറ്റിക്ക വരുന്ന പ്രോജക്ട് ഭേദഗതികളിൽ പുതിയതായി തനത് ഫണ്ട് കൂടി ചേർത്തിട്ടുള്ളവയാണെങ്കിൽ തദ്ദേശഭരണ സ്ഥാപനത്തിന്റെ കഴിഞ്ഞ മൂന്ന് വർഷത്തെ തനത് ഫണ്ട് സംബന്ധിച്ച് സാക്ഷ്യപത്രം ചുമതലപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും വാങ്ങി ഉൾപ്പെടുത്തിയിരിക്കണം. കഴിഞ്ഞ മൂന്ന് വർഷക്കാലത്തെ ശരാശരി ഫണ്ടിനെക്കാൾ വളരെക്കൂടുതൽ തുക തനത് ഫണ്ടായി കാണിക്കുമ്പോൾ ആയതിനുള്ള സാധ്യത കൂടി വ്യക്തമാക്കേണ്ടതാണ്.

13) കാർഷിക സബ്സിഡി തുക ഇനി മുതൽ അക്കൌണ്ട് വഴി മാത്രമേ നൽകാവൂ.

14) പരാമർശം (3) ലെ സർക്കാർ ഉത്തരവ് ഇതിനാൽ റദ്ദ് ചെയ്യുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**
**എ.കെ.മോഹനകുമാർ**
ഗവ.ജോയിന്റ് സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും } (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും } (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൻമാർക്കും/സെക്രട്ടറിമാർക്കും
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ
**പകർപ്പ്:**-തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ഊർജ്ജവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എസ്.ന്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എസ്.ന്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എസ് ന്

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ.**